(സി) നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഡിസ്റ്റിലറികൾ എത്ര; ആരുടെയെല്ലാം ഉടമസ്ഥതതയിലാണവ പ്രവർത്തിക്കുന്നത്; ഇവയിൽ എത്ര എണ്ണം ഓരോ വർഷവും അടച്ചുപൂട്ടാനുദ്ദേശിക്കുന്നു ;

(ഡി) സംസ്ഥാനത്ത് വൈൻ ഉല്പാദിപ്പിക്കാൻ ലൈസൻസുള്ളവർ ആരൊക്കെ; പ്രതിവർഷം എല്ലാം കൂടി ഉല്പാദിപ്പിക്കുന്ന വൈൻ എത്ര ; വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ കേരളത്തിൽ വിറ്റഴിച്ച വിദേശ മദ്യത്തിന്റെ 97%-ഉം, ബിയറിന്റെ 71%-ഉം കേരളത്തിലെ ഡിസ്റ്റിലറികളിൽ നിന്നും ബ്രുവറികളിൽ നിന്നുമാണ് വിതരണം നടത്തിയിട്ടുള്ളത്. വൈൻ പൂർണ്ണമായും സംസ്ഥാനത്തിനു പുറത്തുനിന്നുമാണ് വിതരണം നടത്തിയിട്ടുള്ളത്.

(സി) സംസ്ഥാനത്ത് നിലവിൽ 11 ഡിസ്റ്റിലറികളും 8 ബ്ലെൻഡിംഗ് യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ഡി) സംസ്ഥാനത്ത് വ്യാവസായികാടിസ്ഥാനത്തിൽ വൈൻ ഉല്പാദിപ്പിക്കാൻ കേരള വൈനറി ചട്ടം അനുസരിച്ച് ആർക്കും ലൈസൻസ് നൽകിയിട്ടില്ല.*

പുതിയ മദ്യനയം

96 (97) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ മദ്യനയം നിലവിൽ വന്നതിനുശേഷം മദ്യ ഉപഭോഗത്തിൽ കുറവ് വന്നിട്ടുണ്ടോ ; കണക്കുകൾ വ്യക്തമാക്കാമോ ;

(ബി). വ്യാജമദ്യം തടയുന്നതിനുവേണ്ടി എന്തെല്ലാം ക്രമീകരണങ്ങളാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളത് ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തെ മദ്യനയം, 2014 ആഗസ്റ്റ് മാസം അവസാനത്തോടുകൂടി പ്രഖ്യാപിച്ചതിനുശേഷം, 2014 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ വിദേശ മദ്യ വില്പനയിൽ 2013-ലെ ഇതേ മാസങ്ങളിലെ വില്പനയേക്കാൾ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ വില്പന-അളവിന്റെ അടിസ്ഥാനത്തിൽ
(കെയ്സുകൾ ലക്ഷത്തിൽ)

മാസം	2014 - 15	2013 - 14	വർദ്ധനവ് /കുറവ് (കെയ്സുകൾ ലക്ഷത്തിൽ)	വർദ്ധനവ്/ കുറവ് (ശതമാനത്തിൽ)
സെപ്തംബർ	17.7	21.15	-3.43	-16
ഒക്ടോബർ	17.75	21.13	-3.98	-19

ബിയറിന്റെ വില്പന - അളവിന്റെ അടിസ്ഥാനത്തിൽ
(കെയ്സുകൾ ലക്ഷത്തിൽ)

മാസം	2014 - 15	2013 - 14	വർദ്ധനവ്/കുറവ് (കെയ്സുകൾ ലക്ഷത്തിൽ)	വർദ്ധനവ് /കുറവ് (ശതമാനത്തിൽ)
സെപ്തംബർ	6.89	8.16	-1.27	-16
ഒക്ടോബർ	5.51	8.37	-2.86	-34

(ബി) എല്ലാ എക്സൈസ് ഡിവിഷനുകളിലും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തിവരുന്നു. എല്ലാ ജില്ലകളിലും രാത്രികാല വാഹന പരിശോധന നടത്തുന്നതിനും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായി സ്ക്വെക്കിംഗ് ഫോഴ്സുകൾ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലേയ്ക്ക് സ്പിരിറ്റുൾപ്പെടെ ഉള്ള വ്യാജങ്ങൾ ചെറുവാഹനങ്ങളിൽ സംസ്ഥാനത്തിന് പുറത്തുനിന്നും കടത്തി കൊണ്ടുവരാനുള്ള സാധ്യതകൾ മുന്നിൽകണ്ട് എല്ലാ ചെക്ക് പോസ്റ്റുകളിലും പരിശോധന ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെറുവാഹനങ്ങളും ആഡംബര കാറുകളും ഉൾപ്പെടെ എല്ലാ വാഹനങ്ങളും പരിശോധിക്കുകയും ചെയ്യുന്നു. കൂടാതെ എക്സൈസ് കമ്മീഷണറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള സ്പെഷ്യൽ സ്ക്വാഡുകളും എക്സൈസ് ഇന്റലിജൻസ് വിഭാഗവും മദ്യം കടത്തുന്നത് സംബന്ധിച്ച ഇന്റലിജൻസ് വിവരങ്ങൾ ശേഖരിച്ച് അതിന്മേൽ നടപടി എടുത്തുവരുന്നു. എക്സൈസ് ഷാഡോ സംവിധാനം ഉപയോഗിച്ച് വ്യാജമദ്യത്തിന്റെ ഉല്പാദനവും വിതരണവും സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് നടപടി സ്വീകരിച്ചുവരുന്നു. താലൂക്ക് തലങ്ങളിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ കീഴിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചും ജനകീയ കമ്മിറ്റികൾ

LIBRARY ARCHIVES Kerala Legislative Assembly

യഥാസമയം കൂടി പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്ന പരാതികളിന്മേലും നടപടി സ്വീകരിച്ചുവരുന്നു.

ലൈസൻസ് സ്ഥാപനങ്ങൾ അടച്ചുപൂട്ടിയ സാഹചര്യത്തിൽ 'റെഡ് അലർട്ട്' പ്രഖ്യാപിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ട്.

പുതിയ മദ്യനയം

97 (98) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്വീകരിച്ച പുതിയ മദ്യനയം കാരണം സംസ്ഥാനത്ത് മദ്യാസക്തിയിലും, മദ്യ ഉപയോഗത്തിലും കുറവ് വന്നിട്ടുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത മദ്യനയം അട്ടിമറിക്കപ്പെടാതിരിക്കാനാവശ്യമായ മുൻകരുതൽ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശക്തവും വ്യാപകവുമായ ബോധവൽക്കരണ പ്രവർത്തനത്തിലൂടെയും എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിലൂടെയും സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മദ്യനയം പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പുതിയ മദ്യനയം - വരുമാനവും പുനരധിവാസവും

98 (99) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതിയ മദ്യനയം നടപ്പിലാക്കുന്നതിനുമുമ്പും ശേഷവുമുള്ള വരുമാനം എത്രയാണ്; വരുമാനത്തിൽ വർദ്ധനയുണ്ടെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) ഘട്ടംഘട്ടമായി ബാറുകൾ അടച്ചുപൂട്ടുമ്പോൾ തൊഴിൽ നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കാൻ സ്വീകരിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 2013-14 വർഷത്തിൽ എക്സൈസ് വകുപ്പിന്റെ ആകെ വരുമാനം 1933.72 കോടി രൂപയും, 2013-14 വർഷത്തിൽ ഒക്ടോബർ മാസം വരെയുള്ള വരുമാനം 1144.72 കോടിരൂപയും ആയിരുന്നു. 2014-15-ലെ മദ്യനയം നടപ്പിലാക്കിയതിനുശേഷം ഒക്ടോബർ മാസം വരെ 1019.63 കോടി രൂപയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly